## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *211 — 05.05.2017- ൽ മറുപടിക്ക്

## ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ-ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. ദാസൻ<br>,, ആന്റണി ജോൺ<br>,, കാരാട്ട് റസാഖ്<br>,, പി.കെ. ശശി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) മറ്റ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ തൊഴിൽ-ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനും ഇവരുടെ ക്ഷേമത്തിനുമായി കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി - 2010 നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗത്വമെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് വിദ്യാഭ്യാസ ഗ്രാന്റ് (3000 രൂപ), ചികിത്സാ സഹായം (25000 രൂപ വരെ), ആശ്വാസ ധനസഹായം (25000 രൂപ വരെ), ടെർമിനൽ ബെനഫിറ്റ് (25000 രൂപ വരെ) സ്വാഭാവിക മരണാനന്തരാനുകൂല്യം (10000 രൂപ), അപകട മരണാനന്തരാനുകൂല്യം (50000 രൂപ), ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം (15000 രൂപ വരെ) തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് 15000 രൂപ വരെയുള്ള ചികിൽസാ സഹായവും 2 ലക്ഷം രൂപ വരെയുള്ള അപകട ഇൻഷ്വറൻസും ഉറപ്പ് വരുത്തുന്ന 'ആവാസ്' പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി ഈ സാമ്പത്തിക വർഷം തന്നെ തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമാക്കാൻ കഴിയും. കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് വൃത്തിയുള്ളതും സുരക്ഷിതവുമായ പാർപ്പിടം, പ്രതിമാസ വാടക |

| | | | |
|---|---|---|---|
| | | | ഈടാക്കി നൽകുന്നതിനു വേണ്ടി തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കി വരുന്ന ഭവനപദ്ധതികളിലൊന്നാണ് 'അപ്നഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണീ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൻ കീഴിലെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. എല്ലാ വിധ സൗകര്യങ്ങളുമുള്ള ഇത്തരം ഹോസ്റ്റലുകളുടെ പണി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിലും ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി മെഡിക്കൽ ക്യാമ്പ്, സമ്പർക്കപരിപാടികൾ, പരസ്യ പ്രചാരണങ്ങൾ എന്നിവ ക്രമമായി നടത്തി വരുന്നു. |
| (ബി) | സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി, പ്രത്യേക ബോർഡ് രൂപീകരിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുമോ; | (ബി) | പരിഗണനയിലില്ല. |
| (സി) | ആകർഷകമായ ക്ഷേമപദ്ധതികളും സൗജന്യ ചികിത്സാ പദ്ധതികളും ആവിഷ്കരിച്ച് അവയെ തൊഴിലാളികളുടെ രജിസ്ട്രേഷനുമായി ബന്ധിപ്പിച്ച് പ്രസ്തുത രജിസ്ട്രേഷൻ പദ്ധതി വിജയകരമാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ; | (സി) | പരിശോധിക്കുന്നുണ്ട്. ഇതിനായി 'ആവാസ്' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 'ആവാസ്' പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനൊപ്പം 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ കൂടി ഉറപ്പു വരുത്തിയിട്ടുണ്ട്. |
| (ഡി) | അടിസ്ഥാന സൗകര്യവും ശുചിത്വവുമുള്ള വാസ സൗകര്യങ്ങൾ ഉറപ്പു വരുത്താനായി വേണ്ട പരിശോധന കാര്യക്ഷമമാക്കുമോ? | (ഡി) | തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പു വരുത്തുന്നതി നായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സ.ഉ (സാ.ധാ) 960/16/തൊഴിൽ നമ്പരായി സർക്കാർ |

| | |
|---|---|
| പരിശോധന കാര്യക്ഷമമാക്കുമോ? | 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടു ണ്ട്. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാൻ എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.